LIBRARY ARCHIVES Kerala Legislative Assembly

## കേന്ദ്ര വനാവകാശ നിയമം

192 (T* 4527) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമിയിൽ ആദിവാസി വിഭാഗങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന കേന്ദ്ര വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത കേന്ദ്രനിയമ പ്രകാരം ഏതൊക്കെ പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കേന്ദ്ര വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. വനാവകാശ നിയമം നടപ്പാക്കുന്നതിനായി ഗ്രാമതലത്തിൽ ഊരുകൂട്ടങ്ങളും (വനാവകാശ കമ്മിറ്റി), സബ് ഡിവിഷൻതല കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവ രൂപീകരിച്ച് നടപടി നടത്തിവരുന്നു. നിലവിൽ വനാവകാശ കമ്മിറ്റികൾക്ക് ഭൂമിയിന്മേലുള്ള വ്യക്തിഗത അവകാശത്തിനു ലഭിച്ച 35025 അപേക്ഷകളിൽ ഗ്രാമസഭ പാസ്സാക്കിയ 31269 എണ്ണത്തിൽ 24621 അപേക്ഷകർക്ക് റ്റൈറ്റിലുകൾ നല്കിക്കഴിഞ്ഞു. സബ് ഡിവിഷണൽ കമ്മിറ്റികളും, ജില്ലാതല കമ്മിറ്റികളും തള്ളിക്കളഞ്ഞ 3730 അപേക്ഷകൾ കഴിഞ്ഞാൽ ഇനിയും നടപടി എടുക്കേണ്ടത് 2918. അപേക്ഷകളിലാണ്. സാമൂഹിക ആവശ്യങ്ങൾക്കായി ലഭിച്ചവയിൽ ഗ്രാമസഭ പാസ്സാക്കിയ 441 അപേക്ഷകളിൽ 121 എണ്ണത്തിന് അവകാശ രേഖകൾ നല്കി. ഊരുകളിലെ വികസനാവശ്യത്തിന് ഗ്രാമസഭ പാസ്സാക്കി വനം വകുപ്പിൽ ലഭിച്ച 560 അപേക്ഷകളിൽ 450 എണ്ണത്തിൽ 201.46 ഏക്കർ വനഭൂമി അനുവദിച്ചു നല്കിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ വനത്തിനുള്ളിൽ ആദിവാസി സെറ്റിൽമെന്റുകൾ നിലവിലില്ല. അതിനാൽ വനാവകാശ നിയമം നടപ്പിലാക്കുവാൻ പര്യാപ്തമായ പ്രദേശങ്ങൾ ഇല്ല.

## കണ്ടൽ വനങ്ങളുടെ സംരക്ഷണം

193 (4528) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഹെക്ടർ കണ്ടൽ വനങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു